# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1756 — 10.03.2020-ൽ മറുപടിക്ക്

**ഫേസ് ബുക്കിലെ വ്യാജ ബിസിനസ് അക്കൗണ്ട് വഴി തട്ടിപ്പ്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.എം.ഷാജി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഫേസ് ബുക്കിൽ വ്യാജ ബിസിനസ് അക്കൗണ്ടുകൾ തുടങ്ങി നിലവാരമില്ലാത്ത തുണികൾ ഓൺലൈൻ വഴി അയച്ചുകൊടുത്ത് തട്ടിപ്പ് നടത്തുന്ന സംഘങ്ങളെ സംബന്ധിച്ച് പോലീസിന് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ; ഈ പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പോലീസിന് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) ഫ്രഞ്ച് സ്റ്റൈൽ, ഫാഷൻ ബസാർ ഡീൽ, ഫാഷൻ ആൻഡ് സ്റ്റൈൽ, ദേശി ഫാഷൻസ്, ദി ലക്കിമെൻസ്, ഓഫർ ഓൺ കോൾ, സ്റ്റൈലിഷ് ഫാഷൻ, ഷർട്ട്സ് കളക്ഷൻ, റിപ്പ്ലൈ ട്രെൻഡ് തുടങ്ങി നിരവധി പേരുകളിൽ വ്യാജ ഫേസ് ബുക്ക് വ്യാപാര അക്കൗണ്ടുകൾ തുടങ്ങി കേരളത്തിലെ ജനങ്ങളെ സാമ്പത്തികമായി തട്ടിപ്പ് നടത്തുന്ന സംഘങ്ങൾക്കെതിരെ കേരള പോലീസിലെ സൈബർ സെൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) സൈബർ സെല്ലിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) ഇത്തരം വ്യാജ ബിസിനസ് അക്കൗണ്ടുകൾ ഫേസ് ബുക്കിൽ നിന്ന് നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) ഇത്തരം തട്ടിപ്പ് നടത്തുന്ന സംഘങ്ങൾക്കെതിരെ സൈബർ നിയമപ്രകാരമുള്ള നിയമ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (ഡി) പരാതി ലഭിച്ചാൽ സൈബർ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ